ലക്കം 28
മാർച്ച് 2022

# ഇശൽ പൈതൃകം

ത്രൈമാസിക

Volume 28
March 2022

മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിളകലാ അക്കാദമി
കൊണ്ടോട്ടി
സാംസ്കാരിക കാര്യ വകുപ്പ്
കേരള സർക്കാർ

ISSN:2582-550X

## ഉള്ളടക്കം


| | |
|---|---|
| അര അണയ്ക്ക് ചോറും ഒരു അണയ്ക്ക് അന്തിയുറക്കവും<br>റസാഖ് പയമ്പ്രോട്ട് | 03 |
| സ്ത്രീ സുരക്ഷിതത്വവും തൊഴിലിടവും<br>ഡോ. ഷംഷാദ് ഹുസൈൻ കെ.ടി | 05 |
| കുറ്റാന്വേഷണഭാഷാശാസ്ത്രം: മേഖലകൾ സമീപനങ്ങൾ<br>ഡോ. സെയ്തലവി സി | 11 |
| ഓനെയ്തൊരമ്പ് തടുത്തോളെ ഓനുള്ള നാട്ടിലിരുത്തീട്ടില്ല<br>മഞ്ജു കെ | 23 |
| മാപ്പിള പുരാവൃത്തങ്ങളുടെ ആവിഷ്കാരം: ബഷീറിന്റെയും എൻ.പി മുഹമ്മദിന്റെയും നോവലുകളിൽ<br>ഡോ. ജൈനിമോൾ. കെ.വി | 37 |
| മരുന്നും മന്ത്രവും മലബാറിലെ മാപ്പിള മുസ്ലീങ്ങൾക്കിടയിൽ<br>ഡോ. ഫർസാന കെ.പി | 47 |
| ഇടശ്ശേരിക്കവിതയിലെ നാടോടിത്തനിമ<br>ഡോ. ബ്രിൻസി മാത്യു | 58 |
| പ്രവാസാനുഭവം ഗോവർദ്ധന്റെ യാത്രകളിൽ<br>ഡോ.എ.എസ്.പ്രതീഷ് | 73 |
| അനുഷ്ഠാനങ്ങളുടെ സാമൂഹ്യസ്വഭാവം തെയ്യത്തിലും തിറയിലും<br>ഡോ. രാഗിണി. ഇ.വി | 82 |
| മാപ്പിളപ്പാട്ടുകളുടെ സാംസ്കാരിക വിനിമയം<br>ശിൽപ എൻ പി | 96 |

# മാപ്പിള പുരാവൃത്തങ്ങളുടെ ആവിഷ്കാരം: ബഷീറിന്റെയും എൻ.പി മുഹമ്മദിന്റെയും നോവലുകളിൽ

**ഡോ. ജൈനിമോൾ. കെ.വി**

മാപ്പിള പുരാവൃത്തങ്ങളിലും മൈത്തിക കഥാപാത്രങ്ങളിലും ഉള്ളടങ്ങിയിട്ടുള്ള സൗന്ദര്യത്തെയും ദർശനത്തെയും വൈക്കം മുഹമ്മദ് ബഷീറിന്റെ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു, എൻ.പി മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ്, എണ്ണപ്പാടം എന്നീ കൃതികൾ സ്വാംശീകരിച്ചതെങ്ങനെ എന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ:** മാപ്പിള, പുരാവൃത്തം, മാപ്പിള പുരാവൃത്തം, ഫോക്‌ലോർ .

**ആമുഖം.**

മിത്തോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് മിത്ത് എന്ന പദം ഉത്ഭവിക്കുന്നത്. സത്യമോ മിഥ്യയോ ആയ കഥ എന്നാണ് ഈ പദത്തിന് ഗ്രീക്കിൽ അർത്ഥം നൽകിയിരിക്കുന്നത്. മലയാളത്തിൽ പുരാവൃത്തം, വർഗപ്പഴമ, പഴയ ചരിത്രം എന്നിങ്ങനെ വ്യത്യസ്തമായ അർത്ഥത്തിൽ മിത്ത് എന്ന ഇംഗ്ലീഷ് പദത്തെ വിവക്ഷിക്കുന്നുണ്ട്. അജ്ഞാതമായ ലോകത്തെക്കുറിച്ചുള്ള സങ്കല്പങ്ങളുടെയും സ്വപ്നങ്ങളുടെയും കലവറകളാണ് മിത്തുകൾ. വിവിധ വിജ്ഞാന ശാഖകൾ പുരാവൃത്തങ്ങളെ പ്രധാന പഠന വിഷയമാക്കുകയും പലരീതിയിൽ അവയെ നിർവചിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെപ്പറ്റി വിഖ്യാത നരവംശ